2007 ഏപ്രിലിനുശേഷം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ 391 കോടി രൂപയുടെ 32 പദ്ധതികൾ കേരളത്തിൽ സ്ഥാപിക്കാനായിട്ടുണ്ട്. (വിശദവിവരങ്ങൾക്ക് അനുബന്ധം 2*കാണുക)

(സി) 2010-11 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 1299.78 കോടി രൂപയുടെ മുതൽ മുടക്കു വരുന്ന 12854 സംരംഭങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഈ വർഷം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഏകദേശം 471 കോടി രൂപ മുതൽമുടക്ക് വരുന്ന പദ്ധതികൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ വർഷം നിരവധി വ്യവസായ സംരംഭകർക്ക് കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തു. അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 136.11 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

അക്യൂപ്രഷർ ചികിത്സാരീതി

30 (*690) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്യൂപ്രഷർ ചികിത്സാ രീതി ഇന്ന് അന്താരാഷ്ട്ര തലത്തിൽ ഏറെ പ്രചാരം നേടിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവൻ രക്ഷാ മരുന്നുകൾക്ക് വില കുതിച്ചുയരുന്ന സാഹചര്യത്തിൽ മരുന്നുകളില്ലാത്ത ഫലപ്രദമായ ഈ ചികിത്സാരീതിയെക്കുറിച്ച് ഇതുവരെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മറ്റേതൊരു ചികിത്സയോടൊപ്പം ചെയ്യാവുന്നതും, വളരെവേഗത്തിൽ പഠിച്ച് സ്വയം പരിശീലിക്കാവുന്നതുമായ അക്യൂപ്രഷർ ചികിത്സാ സമ്പ്രദായം സംസ്ഥാനത്ത് പ്രചരിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) :

(എ)-(സി) അക്യൂപ്രഷർ ചികിത്സാ രീതിയെ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല. ഈ ആവശ്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly